എമ്മാവൂസ്

# വചനദൂത്

Vol. VIII Issue : 61



# പെന്തക്കുസ്താ തിരുനാൾ

യോഹ 16:5-15

ഡീക്കൻ ചാക്കോ വടക്കേതലക്കൽ MCBS

'തിരിഞ്ഞുനോട്ടങ്ങൾ' എന്നും മനുഷ്യജീവിതത്തിന് നല്ലതാണ്. ഒരു പക്ഷേ തകർച്ചകളെക്കാളും ഉപരി ഉയർച്ചകൾക്കായിരിക്കണം അവ കാരണമായിരിക്കുക. ബിസിനസ്സ് മേഖലയിലായിരുന്നാലും, കായികമേഖലയിലായിരുന്നാലും ആത്മീയ-അദ്ധ്യാത്മിക മേഖലയിലായിരുന്നാലും ഒരു പക്ഷേ തിരിഞ്ഞുനോട്ടങ്ങൾ, തകർച്ചകളെ മറികടന്ന് ഉയർച്ചകൾ നേടാൻ സഹായകമാകുന്നുവെന്ന് ഇന്നലകളിലെ ചില സംഭവങ്ങൾ പറഞ്ഞുതരുന്നു.

ഇന്ന് തിരുസഭയും ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ്. 2000 വർഷം മുൻപ് സ്ഥാപിതമായ സഭ, ഇന്ന് തകർച്ചകളെയും, പ്രതിബന്ധങ്ങളെയും തരണം ചെയ്ത് ഇത്രമാത്രം വളർന്നെങ്കിൽ, വളർന്നു പന്തലിച്ചെങ്കിൽ, അതിന് പിന്നിൽ രക്തസാക്ഷികളുടെയും പൂർവ്വികരുടെയും, മൺമറഞ്ഞുപോയ അനേകം വിശുദ്ധൻമാരുടെയും അദ്ധ്വാനഫലമാണ്. അതുകൊണ്ട് സഭ ഇന്ന് ഒന്നു തിരിഞ്ഞു നോക്കേണ്ടിയിരിക്കുന്നു. താൻ എന്തായിരുന്നു, എന്തായിരിക്കുന്നു എന്നൊക്കെ ഒന്ന് ധ്യാനിക്കാൻ ഒരുപക്ഷേ ഈ തിരിഞ്ഞുനോട്ടങ്ങൾ നമ്മെ സഹായിക്കും.



'പെന്തക്കുസ്താ' എന്ന പദത്തിന്റെ അർത്ഥം തന്നെ 50-ാം ദിവസം എന്നാണ്. പെസഹാ തിരുനാൾ കഴിഞ്ഞുവരുന്ന 50-ാം ദിവസമാണ് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുക. പുറപ്പാട് പുസ്തകം ആസ്പദമാക്കി പറയുകയാണെങ്കിൽ, ഇത് 3 മഹോത്സവങ്ങളിൽ ഒന്നാണ്. ഇതിനെ പുത്തരിപ്പെരുന്നാൾ എന്നും, വാരോത്സവതിരുന്നാൾ എന്നും അറിയപ്പെടുന്നു.

ഒരിക്കൽ ചന്ദ്രനിൽ ആദ്യമായി കാൽ കുത്തിയ നീൽ ആംസ്ട്രോങ്ങ് പറഞ്ഞുവച്ചു "One small step for a man, but a gaint leap for whole humanity" (ഇത് മനുഷ്യന് ചെറിയ കാൽ വയ്പ് മാത്രം എന്നാൽ മാനവരാശിയ്ക്ക് വലിയ കുതിച്ചു ചാട്ടവും.) അതെ, ദൈവം മാനവരാശിയുടെ മേൽ, തന്റെ രക്ഷാസൗധമായ തിരുസഭയെ ഉദ്ഘാടനം ചെയ്യുകയായിരുന്നു 2000 വർഷം മുൻപ്. പിന്നീട് അന്നു തൊട്ട് ഇന്നുവരെ ഈശോ പ്രവർത്തിച്ചത് തിരുസഭയിലൂടെയാണ്. ഈശോ വിഭാവനം ചെയ്ത ദൈവരാജ്യം ഈ ലോകത്തിൽ സംസ്ഥാപിതമാക്കാൻ തിരുസഭ കാരണമായി. ക്രിസ്തു സാക്ഷ്യം ഈ പാരെങ്ങും പരത്തുവാൻ പരിശുദ്ധാത്മ ചൈതന്യത്തിൽ നിറഞ്ഞ, ധീരരായ പ്രേക്ഷിതരുടെയും, മിഷനറിമാരുടെയും, വൈദികരുടെയും, സന്യാസി-സന്യാസിനികളുടെയും,അല്മായ പ്രേഷിതരുടെയും എല്ലാം പങ്കു വലുതാണ്. ഇന്ന് കാത്തോലിക്കാ വിശ്വാസികളുടെ എണ്ണം ശതകോടിയിലധികം വർദ്ധിച്ചെങ്കിൽ അത് ഇന്നും ചെറിയ മനുഷ്യരിലൂടെ ദൈവം പ്രവർത്തിക്കുന്ന അടയാളം തന്നെ.

"മനുഷ്യൻ ബലവാന്മാരെ തെരഞ്ഞെടുത്ത് ബലമുള്ള കാര്യങ്ങൾ ഈ ലോകത്തിൽ തീർക്കുന്നെങ്കിൽ, ദൈവം ബലഹീന്മാരെ തെരഞ്ഞെടുത്ത് അവരെ ബലമുള്ളവരാക്കി, അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്നു." എവിടെയോ വായിച്ചു മറന്ന ചില ചിന്താശകലങ്ങൾ. പക്ഷേ, നൂറ്റാണ്ടുകൾക്ക് മുൻപെ മനുഷ്യർ ഭീരുക്കൾ എന്നു കരുതിയിരുന്ന മുക്കുവരായ കുറെ മനുഷ്യരെ, ആത്മാവിൽ നിറച്ച്, അവരെ പതിനായിരങ്ങൾക്ക് മുൻപിൽനിന്ന് ഈശോയ്ക്കു സാക്ഷ്യം വഹിക്കാൻ തക്കവിധം പ്രാപ്തനാക്കിയ ദൈവം. സഭ പ്രതിബന്ധങ്ങളെയും, പ്രശ്നങ്ങളെയും, എല്ലാം തരണം ചെയ്ത ക്രിസ്തുസാക്ഷിയായി ഇന്ന് മുൻപോട്ട് കുതിക്കുന്നെങ്കിൽ, അത് ദൈവം ഇന്നും മനുഷ്യരിലൂടെ, സഭയിലൂടെ പ്രവർത്തിക്കുന്ന അടയാളം തന്നെ.

യോഹന്നാൻ സുവിശേഷകൻ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുക 'സഹായകൻ' എന്നാണ്. അതെ, ആത്മാവ് ഇന്നും സഹായകനാണ്. ജീവിതത്തിൽ പ്രശ്നങ്ങളുടെയും, പ്രതിസന്ധികളുടെയും മുൻപിൽ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്നുവെങ്കിൽ, ഇന്ന് നവമാധ്യമങ്ങളുടെ എല്ലാം ആകർഷകവലയത്തിൽപ്പെട്ട് യുവതലമുറയുടെ എല്ലാം വിശ്വാസം കുറഞ്ഞു പോകുന്നെങ്കിൽ, തിന്മകളുടെ ശക്തി വിശ്വാസത്തെ വലയ്ക്കുന്നുവെങ്കിൽ, ഈശോ നൽകിയ 'സഹായകൻ', ജീവിതത്തിൽ ഒരു അഭിഷേകമായി നിറയട്ടെ. "പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും." സാധാരണക്കാരിയായ ഒരു യുവതിയെ ആത്മാവിൽ നിറച്ച ഒരു വചനമാണിത്.

ഇന്നത്തെ ലോകത്തിലും വിശുദ്ധരുടെ സാധുത കുറയുന്നില്ല. ആത്മാവിൽ നിറഞ്ഞ് പുതുസൃഷ്ടിയായി, പ്രതിസന്ധികളെ തരണം ചെയ്യാൻ തക്കവിധം ആത്മാവ് നമ്മെ ഒരുക്കട്ടെ. ജീവിതത്തിലെ തകർച്ചകൾ എല്ലാം പാഠമാക്കി, സഭയും, വിശ്വാസിയും ആത്മാവിൽ നിറഞ്ഞ് ഇനിയും ക്രിസ്തുസാക്ഷികളായി തീരട്ടെ.

*ആമേൻ.*